(33) ഹരിപ്പാട് മണ്ഡലത്തിലെ എം. എൽ. എ. റോഡുകളുടെ പണി

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഹരിപ്പാട് നിയോജകമണ്ഡലത്തിലെ രണ്ട് എം എൽ.എ. റോഡുകളുടെയും പണി ഇതുവരെ പൂർത്തിയായിട്ടില്ല. കെ.വി.ജെട്ടി റോഡിലെ രണ്ട് പാലങ്ങളുടെ പണി പൂർത്തിയാകാത്തതുകൊണ്ട് വാഹന ഗതാഗതം സ്തംഭിച്ചിരിക്കുകയാണ്. അതുപോലെതന്നെ വലിയഴീക്കൽ-തൃക്കുന്നപ്പുഴ റോഡിന്റെ രണ്ടാം ഘട്ടം പൂർത്തിയായിട്ടില്ല. ഈ രണ്ട് റോഡിനേറെയും പണി പൂർത്തിയാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ വഴുതാനം-മുണ്ടാറിൻകര റോഡും കൊടുന്തറ റോഡും ടാർ ചെയ്യുന്നതാണെന്ന് കഴിഞ്ഞ അസംബ്ലിയിൽ ഉറപ്പു തന്നതാണ്. ആ രണ്ട് റോഡുകളുടെ പണി പൂർത്തിയാക്കാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): സർ, എം.എൽ.എ. റോഡായ ജട്ടി റോഡിന്റെ രണ്ട് ബ്രോക്സ് കൺവെർട്ടുകൾക്ക് 27,45,000 രൂപയുടെ എസ്റ്റിമേറ് തയ്യാറാക്കിയിട്ടുണ്ട്. പണി ഉടനെ നടത്താവുന്നതാണ്. തൃക്കുന്നപ്പുഴ വഴിയഴിക്കൽ റോഡിന്റെ എത്രാനും ഭാഗം ടാർ ചെയ്തിട്ടുണ്ട്. മറ് ഭാഗത്ത് കടലാക്രമണം മൂലം കുറെ നഷ്ടപ്പെട്ടു പോയി. ഇറിഗേഷൻ വകുപ്പ് അതിന്റെ സൈഡ് കെട്ടുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നുണ്ട്. അതിനോടനുബന്ധമായി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. വഴുതാനം മുണ്ടാറിൻകര റോഡിന്റെ പകുതി ഭാഗത്തെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള സ്ഥലത്ത് മെറ്റൽ കളക്ഷൻ നടത്തിയിട്ടുണ്ട്. പണി പൂർത്തിയാക്കുന്നതാണ്.

(34) ബ്രിട്ടിക്കൽ ചെറുകിട ജലസേചന പദ്ധതി

ശ്രീ. കെ. വി. കുഞ്ഞിക്കണ്ണൻ: സർ, 8-ാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിൽതന്നെ ഞാൻ ഒരു പ്രമേയം മുഖാന്തിരം അവതരിപ്പിച്ചതാണ് എന്റെ നിയോജകമണ്ഡലത്തിലെ ബ്രിട്ടിക്കൽ ചെറുകിട ജല സേചന പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുകയെന്ന വിഷയം. ഇതിനുമുമ്പ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ നിയസഭാ കമ്മിറ്റി ആ സ്ഥലത്ത് പോയി അന്വേഷിച്ചിട്ടുണ്ട്. വളരെ പ്രാധാന്യമുള്ള ഒരു വിഷയമാണ്. നാലു വർഷക്കാലമായി ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഒരു വിഷയമായതുകൊണ്ടും അവിടത്തെ ജനങ്ങൾക്ക് ഏറെ പ്രയോജനകരമായ പദ്ധതി ആയതുകൊണ്ടും അത് പ്രായോഗിക രൂപത്തിൽ എത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): സർ, 1984-ലാണ് അതിന് ഭരണാനുമതി ലഭിച്ചത്. പക്ഷേ ഭരണാനുമതി നൽകിയതിനു ശേഷമാണ് സ്ഥല പരിശോധന നടത്തുന്നത്. 300 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. പക്ഷെ പരിശോധനയിൽ കണ്ടത് 300 ഹെക്ടർ സ്ഥലത്തിന്റെ 70 ശതമാനവും നരിക്കല്ല് നിറഞ്ഞ കൃഷിക്ക് ഉപയുക്തമല്ലാത്ത പ്രദേശമാണെന്നാണ്. അതുകൊണ്ടാണ് ആ ബുദ്ധിമുട്ടു വന്നത്. എന്തായാലും ഇത് പുനഃപരിശോധന നടത്തി ഒരു സ്കീം ഉണ്ടാക്കി 167 ഹെക്ടർ സ്ഥലത്ത് പ്രയോജനമുണ്ടാക്കാമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതും കോസ്റ്റ് ബെനിഫിറ്റ് റേഷ്യോ കൂടുതലാണെന്നുള്ള നിലയിലാണ്. Economic Ceiling മാറ്റി നിശ്ചയിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. അതനുസരിച്ച് ഈ പദ്ധതിക്ക് ഭരണാനുമതി നൽകാൻ കഴിയും.

(35) മങ്കട-കുളമംഗലം റോഡ്

ശ്രീ. കെ. പി. എ. മജീദ് : എന്റെ നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡായ കുളമംഗലം കാടാകുളങ്ങര റോഡ് കഴിഞ്ഞ കുറേ വർഷം മുമ്പ് പണി തുടങ്ങിയതാണെങ്കിലും കഴിഞ്ഞ മൂന്നു വർഷമായി പണി നടക്കുന്നില്ല. കരാറുകാരന്റെ ഭാഗത്തുള്ള അലംഭാവമാണ് ഇതിനു കാരണം. അത് പരിശോധിച്ച് കരാറുകാരൻ പണി പൂർത്തിയാക്കുന്നില്ലെങ്കിൽ മറ്റുള്ള കരാറുകാരനെ ഏൽപ്പിച്ച് പണി പൂർത്തിയാക്കാൻ വേണ്ട നടപടികളും സ്വീകരിക്കുമോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ) : ഇത് വളരെ വിഷമകരമായ ഒരു പ്രവർത്തിയാണ്. ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് തുടങ്ങിയിട്ടുള്ള എം. എൽ. എ. റോഡാണ്. ആ കരാറുകാരൻ കുറെ കഴിഞ്ഞപ്പോൾ പണി ഇട്ടിട്ടു പോയി. അയാളുടെ കരാർ ടെർമിനേറ്റു ചെയ്യാൻ നോട്ടീസ് കൊടുത്ത് നടപടി സ്വീകരിച്ചു. അപ്പോൾ രാഷ്ട്രീയ വിരോധമാണെന്നുപറഞ്ഞ് ഹൈക്കോടതിയിൽ പോയി അവർ സ്റ്റേ വാങ്ങിച്ചു. കുറേ ദിവസം പിന്നേയും നീണ്ടു പോയി. ബഹുമാനപ്പെട്ട എം. എൽ. എ.യും ഞാനും ആ കരാറുകാരനും കൂടി സംസാരിച്ച് ഇത് പൂർത്തിയാക്കണമെന്നുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ ടെർമിനേഷൻ പിൻവലിച്ച് കേസ് ഒഴിവാക്കി വീണ്ടും പണി ആരംഭിക്കാൻ നടപടി ആയിട്ടുണ്ട്. ഇന്നുവരെ അയാളം തൊട്ടിട്ടില്ല. അതിന് മന്ത്രിക്കുള്ള ഏത് ഉത്തരവാദിത്വവും എം. എൽ. എ.യ്ക്കുമുണ്ട്. ഞങ്ങളം മൂന്നു പേരുംകൂടി എടുത്ത തീരുമാനമാണ്. ഈ കരാറുകാരൻ ഇത്രയും മോശമാണെന്ന് എനിക്കറിയില്ല. ഏതായാലും ബഹുമാനപ്പെട്ട എം. എൽ. എ. ഇപ്പോൾ ശക്തമായിട്ട് എഴുതി തന്നിട്ടുണ്ട്. അതായത് ഈ കരാറുകാരന്റെ കരാർ ക്യാൻസൽ ചെയ്ത് നടപടിയെടുക്കാൻ. അതിന് ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(36) തൃശൂർ സൗത്ത് ഇൻഡ്യൻ ബാങ്ക് ജീവനക്കാരുടെ സമരം

ശ്രീ. ഇ. കെ. മേനോൻ : സർ, തൃശൂർ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ ഹെഡ് ഓഫീസിനു മുമ്പിൽ തൊഴിലാളികളം അവരുടെ ആവശ്യങ്ങളം നേടി എടുക്കുന്നതിനുവേണ്ടി കഴിഞ്ഞ മൂന്നു മാസമായി നിലേ സത്യാഗ്രഹം നടത്തുകയായിരുന്നു. ഇപ്പോൾ അതിന്റെ നേതാവ് നിരാഹാര സത്യാഗ്രഹം നടത്തുകയാണ്. നിസാരമായ തൊഴിൽ പ്രശ്നത്തിന്റെ പേരിലാണ് ഈ സമരം. ഇന്ത്യയുടെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും അതിന്റെ ബ്രാഞ്ചുകളം പ്രവർത്തിച്ചുവരുന്നു. ഒരു വലിയ കമേഴ്സ്യൽ ബാങ്കാണിത്. ഈ സമരത്തിൽ അടിയന്തിരമായും തൊഴിൽ മന്ത്രി ഇടപെട്ട് ഒത്തുതീർപ്പുണ്ടാക്കണമെന്നഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ) : സർ, ബാങ്കിംഗ് സ്ഥാപനത്തിന്റെ തൊഴിൽ പ്രശ്നത്തിലിടപെടാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. അത് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയാണ് കൈകാര്യം ചെയ്യുന്നത്. ഈ പ്രശ്നത്തെ സംബന്ധിച്ച് കേന്ദ്ര തൊഴിൽ വകുപ്പു ഉദ്യോഗസ്ഥൻമാർ ചർച്ച ചെയ്തു കഴിഞ്ഞിട്ടുണ്ട്. പക്ഷെ തീർപ്പുണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly